'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല - ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.ആർ. സാജനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

**സ.ഉ.(സാധാ) നം.2857/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/12/2019**

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 15.03.2018-ലെ ഡി2-23667/17 നമ്പർ കുറ്റാരോപണ മെമ്മോ

2 പഞ്ചായത്ത് ഡയറക്ടറുടെ 18.05.2018-ലെ ഡി2-23667/17 നമ്പർ നടപടിക്രമങ്ങൾ

3 സർക്കാരിന്റെ 08.02.2019-ലെ 201/ഇപിബി2/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. എം.ആർ. സാജൻ സമർപ്പിച്ച 06.04.2019-ലെ പ്രതിവാദ പത്രിക

## ഉത്തരവ്

ശ്രീ. എം.ആർ. സാജൻ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ടിയാനെതിരെ ചുവടെ ചേർക്കുന്ന ആരോപണങ്ങൾ മുൻനിർത്തി കെ.സി.എസ്. (സി സി&എ) ചട്ടം 1 5 പ്രകാരം കഠിനശിക്ഷക്കുള്ള കുറ്റാരോപണ മെമ്മോ നൽകി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

1. ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ 07.04.2017-ൽ നടന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ഗ്രാമസഭ വിളിച്ചു കൂട്ടുന്നതിന് തീരുമാനിക്കുകയും പ്രസ്തുത ഗ്രാമസഭയിൽ കോ-ഓർഡിനേറ്റർമാരെ നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ അധികാരം സ.ഉ.(കൈ)72/17 നമ്പർ ഉത്തരവിലെ ഖണ്ഡിക 3.3(1) പ്രകാരം ഭരണസമിതിക്കാണെന്നിരിക്കെ ആയതിന് യാതൊരു വിലയും കൽപിക്കാതെ തികച്ചും തന്നിഷ്ടത്തോട് കൂടി കോ-ഓർഡിനേറ്റർമാരെ നിശ്ചയിക്കുകയും ആയത് സംബന്ധിച്ച ഉത്തരവുകൾ ടി ജീവനക്കാരുടെ ഓഫീസ് മേലധികാരികൾ മുഖേനെ ജീവനക്കാർക്ക് നൽകണമെന്നിരിക്കെ അപ്രകാരമുള്ള നടപടിക്രമം പാലിക്കാതെ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ശ്രീകലയ്ക്ക് ഗ്രാമസഭാ കോ-ഓർഡിനേറ്ററായി നിയമിച്ചു കൊണ്ടുള്ള ഉത്തരവ് നേരിട്ട് നൽകിയത് ശ്രീ. സാജന്റെ ഭാഗത്ത് നിന്നുള്ള അധികാര ദുർവിനിയോഗവും കടുത്ത അച്ചടക്കലംഘനവുമാണ്. സെക്രട്ടറിയുടെ പ്രസ്തുത പ്രവർത്തി മൂലം ശ്രീമതി. ശ്രീകലയുടെ പരാതിക്കും തുടർന്നുള്ള പ്രശ്നങ്ങൾക്കും വഴിയൊരുക്കി. ആയത് ഓഫീസ് നടപടിക്രമത്തിലെ ഗുരുതരമായ വീഴ്ചയായി കാണുന്നു. ഗ്രാമസഭാ കോഓർഡിനേറ്റർമാരെ നിയമിച്ചു കൊണ്ടുള്ള ഉത്തരവിൽ അവിചാരിതകാരണങ്ങളാൽ തീയതി മാറ്റം ആവശ്യപ്പെടുന്ന

കോ-ഓർഡിനേറ്റർമാർ സ്വന്തം നിലയിൽ ക്രമീകരണം നടത്തേണ്ടതാണ് എന്ന് രേഖപ്പെടുത്തിയതും ക്രമപ്രകാരമല്ല.

2. കൈമാറിക്കിട്ടിയ ഘടക സ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെ നടപടിയെടുക്കേണ്ടത് ഭരണസമിതിക്ക് വേണ്ടി പ്രസിഡന്റ് ആയതിനാൽ പ്രസിഡന്റിന്റെ അനുമതി വാങ്ങി വേണം വിശദീകരണം ആവശ്യപ്പെടേണ്ടിയിരുന്നത്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനിയറിംഗ് വിഭാഗത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ശ്രീകലയോട് വിശദീകരണം നേരിട്ട് ആവശ്യപ്പെട്ടത് വഴി ഓഫീസ് നടപടിക്രമത്തിൽ വീഴ്ച വരുത്തിയിരുന്നു.

3. ഭരണസമിതി തീരുമാനങ്ങൾ. സർക്കാർ ഉത്തരവ് പാലിച്ച് സമയബന്ധിതമായി upload/update ചെയ്യുന്നതിന് ശ്രീ. സാജന് ഉത്തരവാദിത്തമുണ്ടെന്നിരിക്കെ ആയതിൽ വീഴ്ച വരുത്തിയത് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ ബാധിച്ചു. ആയത് സർക്കാർ ഉത്തരവിന്റെ ലംഘനമായി കാണുന്നു.

4. ശ്രീ. എം.ആർ. സാജൻ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് 07.08.2017ൽ നേരിട്ട് കത്തെഴുതിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിരിക്കുന്നു. ആയത് സർക്കാർ ജീവനക്കാർ പാലിക്കേണ്ട പെരുമാറ്റ ചട്ടത്തിനും ഓഫീസ് നടപടി ക്രമങ്ങളിലെ ഖണ്ഡിക 104(എ) എന്നിവക്ക് വിരുദ്ധവുമാണ്.

5. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ശ്രീകലയുടെ പരാതി പോലെയുള്ള വളരെ സങ്കീർണ്ണമായ ഒരു വിഷയത്തിൽ മദ്ധ്യസ്ഥ ശ്രമത്തിലൂടെ കാര്യങ്ങൾ പരിഹരിക്കുന്നതിന് മൂന്നാം കക്ഷിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുന്നതിന് മുന്നോടിയായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ വച്ച് അംഗീകാരം വാങ്ങേണ്ടതായിരുന്നു. എന്നാൽ അപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് പകരം പരാതിക്കാരിയായ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ശ്രീകലയ്ക്ക് നേരിട്ട് കത്ത് നൽകിയത് ഓഫീസ് നടപടി ക്രമത്തിലെ വീഴ്ചയാണ്.

ശ്രീ. എം.ആർ. സാജനെതിരെ പഞ്ചായത്ത് ഡയറക്ടർ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരവേ ടിയാൻ 30.04.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ ടിയാനെതിരെ തുടർനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാത്തതിനാൽ ശ്രീ. എം.ആർ. സാജനെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ടും കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തുകൊണ്ടും പരാമർശം (2) നടപടിക്രമങ്ങൾ പ്രകാരം ഉത്തരവാകുകയുണ്ടായി.

നടപടിക്രമം പാലിക്കാതെ കോ-ഓർഡിനേറ്റർമാരെ നിശ്ചയിക്കുകയും ആയത് സംബന്ധിച്ച ഉത്തരവുകൾ ടി ജീവനക്കാരുടെ ഓഫീസ് മേലധികാരികൾ മുഖേനെ ജീവനക്കാർക്ക് നൽകണമെന്നിരിക്കെ അപ്രകാരമുള്ള നടപടിക്രമം പാലിക്കാതെ കോ-ഓർഡിനേറ്ററായി നിയമിച്ചു കൊണ്ടുള്ള ഉത്തരവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നേരിട്ട് നൽകിയതുംവഴി കടുത്ത അധികാര ദുർവ്വിനിയോഗവും അച്ചടക്ക ലംഘനവും സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടെന്നും കണ്ടെത്തുകയും കൂടാതെ ടിയാന്റെ ഭാഗത്തുനിന്നും ഓഫീസ് നടപടിക്രമങ്ങളിൽ വീഴ്ചകളുണ്ടായതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം.ആർ. സാജൻ 30.04.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. എം.ആർ. സാജന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എം.ആർ. സാജൻ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എം.ആർ. സാജന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. എം.ആർ. സാജനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. എം.ആർ. സാജനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം

   (പരാമർശം 1 മുതൽ 4 വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. എം.ആർ. സാജൻ, മുൻ സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, ചേരനല്ലൂർ ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/201/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ